നമ്പർ : ICPS 2/9534/2017

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം. 27/05/2017

## സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ജെ.ജെ സ്ഥാപനങ്ങളിലെ സ്വഭാവവൈകല്യവും പഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ളതുമായ കുട്ടികൾക്ക് വിദഗ്ദ്ധ ചികിൽസ നൽകുന്നത് സംബന്ധിച്ച്.

സൂചന : കൊല്ലം ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 31.03.2017-ലെ കത്ത് നമ്പർ CHK/93/2017.

സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ജെ.ജെ സ്ഥാപനങ്ങളിൽ താമസിക്കുന്ന ഭൂരിഭാഗം കുട്ടികളും ശിഥിലമായ കുടുംബങ്ങളിൽ നിന്നും എത്തിയിട്ടുള്ളവരും കഠിനമായ മാനസിക വിഷമങ്ങൾ അനുഭവിക്കുന്നവരാണ്. ഇത്തരം കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും കുട്ടികളെ ഉത്തമ പൗരന്മാരാക്കുന്നതിനും ശക്തമായ ഇടപെടൽ ആവശ്യമാണ്. പ്രസ്തുത വിഷയം കണക്കിലെടുത്ത് ഇത്തരം കുട്ടികൾക്ക് ഫലപ്രദമായ കൗൺസിലിംഗ്, മാനസിക ചികിൽസ എന്നിവ നൽകേണ്ടതായുണ്ട്. ഇതിലേയ്ക്ക് ആവശ്യമായി വരുന്ന തുക സ്ഥാപനത്തിന്റെ കണ്ടിജൻസി ഇനത്തിൽ നിന്നും വഹിക്കാവുന്നതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജുവനൈൽ ജസ്റ്റിസ്
സ്ഥാപന സൂപ്രണ്ടുമാർക്കും.

പകർപ്പ്
1. സ്റ്റോക്ക് ഫയൽ